# Deepika

## 12 July 2018

## Aluva, Periyar Overflowed, Mahadeva Temple, Flooded

### പെരിയാർ കരകവിഞ്ഞു;

## മഹാദേവ ക്ഷേത്രത്തിൽ വെള്ളം കയറി

**ആലുവ:** കനത്ത മഴയെ തുടർന്ന് പെരിയാർ കരകവിഞ്ഞ് മണപ്പുറം മഹാദേവ ക്ഷേത്രത്തിൽ വെള്ളം കയറി. ഇന്നലെ പുലർച്ചെയോടെയാണ് വെള്ളം കയറിയത്. ഈ വർഷം ഇതു രണ്ടാം തവണയാണ് ക്ഷേത്രത്തിൽ വെള്ളം കയറുന്നത്. മണപ്പുറം പൂർണമായി വെള്ളം കയറി മുങ്ങിയിരിക്കുകയാണ്.

ഭഗവാന്റെ ആറാട്ട് ഉത്സവം നടക്കുന്നത് പെരിയാറിലെ ജലനിരപ്പ് ഉയർന്ന് ശിവലിംഗം വെള്ളത്തിൽ മുങ്ങുമ്പോഴാണ്. മൂന്നാഴ്ച മുമ്പ് ക്ഷേത്രത്തിൽ വെള്ളം കയറിയെങ്കിലും ശിവലിംഗം മുങ്ങുന്നതിന് ഒരടിയോളം കുറവുണ്ടായതിനാൽ ആറാട്ടുത്സവം നടന്നില്ല. ഇക്കുറി ആറാട്ടുത്സവം നടക്കുമെന്ന പ്രതീക്ഷയിലാണ് ഭക്തജനങ്ങൾ. ആറാട്ട് നടക്കുമെന്ന പ്രതീക്ഷയിൽ ഇരുകകളിലും ഭക്തർ രാവിലെ മുതൽ എത്തിയിരുന്നു.




കനത്ത മഴയെ തുടർന്ന് പെരിയാർ കരകവിഞ്ഞ് മണപ്പുറം മഹാദേവ ക്ഷേത്രത്തിൽ വെള്ളം കയറിയ നിലയിൽ.